**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5590 02.07.2014-ൽ മറുപടിക്ക്**

**<u>ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ്</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഹംസ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് വർക്കിംഗ് അറേഞ്ച്മെന്റ് നൽകുന്ന കാര്യത്തിൽ എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ ഒഴികെയുള്ള തസ്തികകളിൽ വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് (സാധാ)നം.2191/2013/ആകുവ തീയതി 22.06.2013 പ്രകാരം മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിരുന്നു. ഡോക്ടർമാരുടെ തസ്തികകളിൽ വർക്കിംഗ് അറേഞ്ചുമെന്റ് പരിഗണിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനു വേണ്ടിയും, വർക്കിംഗ് അറേഞ്ച്മെന്റിൽ പോകുന്ന ഡോക്ടറുടെ ലാവണം നിലനിൽക്കുന്ന സ്ഥാപനത്തിൽ പകരം സംവിധാനം ഏർപ്പെടുത്തിയും, ബന്ധപ്പെട്ട ആശുപത്രിയെ യാതൊരുവിധത്തിലും ബാധിക്കില്ല എന്ന് ഉറപ്പ് വരുത്തിയും വർക്കിംഗ് അറേഞ്ചമെന്റുകൾ അനുവദിക്കുന്നു. |
| (ബി) നിലവിൽ വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയതുമായി ബന്ധപ്പെട്ട് വല്ല ആക്ഷേപവും നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (ബി) ഡോക്ടർമാരുടെ വർക്കിംഗ് അറേഞ്ച്മെന്റുകൾ അനുവദിച്ചത് സംബന്ധിച്ച് ആക്ഷേപങ്ങളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കിംഗ് അറേഞ്ച്മെന്റ് | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഉത്തരവ് (സാധാ)നം.538/2013/ആകുവ തീയതി 18.02.2013 പ്രകാരം ഈ വകുപ്പിലെ |

| | |
|---|---|
| നൽകുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; പ്രസ്തുത ഉത്തരവിന് വിരുദ്ധമായി വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയിട്ടുണ്ടോ; അത് സംബന്ധിച്ച് വല്ല അന്വേഷണവും നടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | ഡോക്ടർമാർ ഒഴികെയുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച ശേഷവും ചില തസ്തികകളിൽ വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയിരുന്നു. തുടർന്ന് സ.ഉ(സാധാ) നം.2191/2013/ആകുവ തീയതി 22.06.2013 സർക്കാർ ഉത്തരവ് പ്രകാരം മാനുഷിക പരിഗണന അർഹിക്കുന്ന അപേക്ഷകൾ ശുപാർശ ചെയ്യാവുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട ഫയലുകൾ വിജിലൻസിന് കൈമാറിയിട്ടുണ്ട്. |
| (ഡി) ഡോക്ടർമാരുടേയും മറ്റും നൈറ്റ് ഡ്യൂട്ടി സംബന്ധിച്ച് നിലവിലുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഡി) 12 മണിക്കൂർ നൈറ്റ് ഡ്യൂട്ടിക്ക് ശേഷം ഡോക്ടർമാർക്ക്, ആശുപത്രികളുടെ സാധാരണ പ്രവർത്തനത്തെ ബാധിക്കാത്ത വിധത്തിൽ, ഓഫ് അനുവദിക്കാൻ സൂപ്രണ്ട് / മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ് എന്നിവർക്ക് അധികാരം നൽകി 23.11.2013-ലെ ജി.ഒ(സാധാ)നം.3923/13/ആകുവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ നൈറ്റ് ഡ്യൂട്ടിക്ക് ചുമതലപ്പെടുത്തിയിട്ടുള്ള ദിവസങ്ങളിൽ ഡോക്ടർമാർക്ക് ഓഫ് അനുവദിക്കാൻ പാടില്ലെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. നഴ്സ്മാർക്ക് തുടർച്ചയായി മൂന്ന് ദിവസത്തെ നൈറ്റ് ഡ്യൂട്ടിക്ക് ശേഷം, ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ, ഒരു ദിവസത്തെ ഓഫ് അനുവദിച്ച് 16.06.2014-ലെ സ.ഉ (സാധാ)നം. 1965/14/ആകുവ പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ